**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1337** **08-12-2022 - ൽ മറുപടിയ്ക്ക്**

**കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ രൂപീകരണ പുരോഗതി അറിയിക്കുമോ; | (എ) | കൊല്ലം നഗര പാത വികസന പദ്ധതിയ്ക്ക് 22.01.2022 - ലെ സ.ഉ(സാധാ)നം.74/2022/ പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ചുവടെ പറയുന്ന റോഡുകൾക്ക് 365.34 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. 18.03.2022-ലെ സ.ഉ(സാധാ)നം.1164/2022/ ആർ.ഡി പ്രകാരം പദ്ധതിയ്ക്ക് ആവശ്യമായ ഭൂമിയേറ്റെടുക്കലിന്റെ ഭരണാനുമതിയും നൽകുകയുണ്ടായി.<br><br>1. മേവറം- കാവനാട് (പഴയ എൻ.എച്ച്) - 13.15 കി.മീ<br><br>2. റെയിൽവേ സ്റ്റേഷൻ- ഡീസന്റ് ജംഗ്ഷൻ - 6.30 കി.മീ<br><br>3. തിരുമുല്ലാവാരം-കല്ലുപാലം-കച്ചേരി ജംഗ്ഷൻ - 4.31 കി.മീ<br><br>ആകെ- 23.76 കി.മീ<br><br>LA Area – 8.341 Hectre<br><br>കൊല്ലം നഗര പാത വികസന പദ്ധതിയുടെ പ്രോജക്ട് കോ-ഓർഡിനേറ്ററായി കൊല്ലം പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. പദ്ധതിയുടെ ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസീൽദാർ എൽ.എ-2നെ ചുമതലപ്പെടുത്തി. ടി റോഡുകളുടെ ഫീൽഡ്തല പ്രാരംഭ പരിശോധനകൾ പൂർത്തിയാക്കി എൽ.എ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഭൂമി വില 688,83,36,000/- രൂപയും സ്ഥലമേറ്റെടുക്കുന്നതിനുള്ള ഭൂമി വിലയുടെ 30% ആയ 206,65,00,800/- രൂപ എസ്റ്റാബ്ലിഷ്മെന്റ് |

| | | | |
|---|---|---|---|
| | | | **കോസ്റ്റായും 50,00,000/- രൂപ കണ്ടിജൻസി ചാർജ്ജായും അനുവദിക്കുന്ന വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ച് വരുന്നു.**<br><br>**ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം കൊല്ലം നഗര പാത വികസന പദ്ധതിയിൽ കൂടുതലായി റോഡുകൾ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകാൻ കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ കളക്ടർ നിർദ്ദേശിച്ച റോഡുകളായ ഹൈസ്കൂൾ ജംഗ്ഷൻ-തൃക്കടവൂർ റോഡ്, എസ്.എൻ കോളേജ്-അമൃതകുളം റോഡ്, നെല്ലിമുക്ക്- മാമൂട്ടിൽക്കടവ് റോഡ് എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. കൂടാതെ രാമൻകുളങ്ങര-മരുത്തടി റോഡ്, കളക്ടറേറ്റ്-ആൽത്തറമൂട്-തങ്കശ്ശേരി- കാവൽ ജംഗ്ഷൻ-അഞ്ചുകല്ലുംമൂട് എന്നീ രണ്ട് റോഡുകൾ കൂടി പദ്ധതിയിലേയ്ക്ക് ഉൾപ്പെടുത്തുവാൻ കൊല്ലം ജില്ലാ കളക്ടർ ശുപാർശ ചെയ്തിരുന്നു. ഇത് സംബന്ധിച്ച വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിങ്ങിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **കൊല്ലം നഗര പാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന മേവറം-കാവനാട്, റെയിൽവേ സ്റ്റേഷൻ- ഡീസന്റ് ജംഗ്ഷൻ, തിരുമുല്ലാവാരം-കല്ലുപാലം-കച്ചേരി ജംഗ്ഷൻ എന്നീ 3 റോഡുകൾക്കായി 8.341 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ടി റോഡുകളുടെ ഫീൽഡ്തല പ്രാരംഭ പരിശോധനകൾ പൂർത്തിയാക്കിയ ശേഷം പദ്ധതിയുടെ ലാന്റ് അക്വിസിഷൻ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ എൽ.എ-2 ഇപ്പോഴത്തെ മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സ്ഥലമേറ്റെടുക്കേണ്ട ഭൂമിയുടെ വില 688,83,36,000/- രൂപയും, ഏറ്റെടുക്കേണ്ട ഭൂമി വിലയുടെ 30% ആയ 206,65,00,800/- രൂപ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റായും 50,00,000/- രൂപ കണ്ടിജൻസി ചാർജ്ജായും അനുവദിക്കുന്ന വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ച് വരുന്നു. 2013-ലെ എൽ.എ ആക്ട് ആർ& ആർ പാക്കേജ് പ്രകാരം 100% സോളേഷ്യയവും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.** |
| (സി) | ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ തുകയുടെ 30 ശതമാനവും കണ്ടിജൻസി ചാർജ്ജും അനുവദിച്ചെങ്കിൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ | (സി) | എൽ.എ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഏറ്റെടുക്കേണ്ട വില 688,83,36,000/- രൂപയും ഏറ്റെടുക്കേണ്ട ഭൂമിവിലയുടെ 30% ആയ |

| | | | |
|---|---|---|---|
| | ആരംഭിക്കാൻ കഴിയുകയുള്ളു എന്നതിനാൽ ഇക്കാര്യത്തിൽ അനുകൂലമായ തുടർ നടപടി സ്വീകരിക്കുമോ; വിശദ വിവരം ലഭ്യമാക്കുമോ? | | 206,65,00,800/- രൂപ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റായും, 50,00,000/- രൂപ കണ്ടിജൻസി ചാർജ്ജായും **അനുവദിക്കുന്ന വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ